# ജി.എച്ച്.എസ്. വെങ്ങപ്പറ്റ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

**1954 ൽ** ഏകധ്യാപക വിദ്യാലയമായി കണിയാംകണ്ടി ചാത്തപ്പൻ നായരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വെങ്ങപ്പറ്റ ഗവൺമെൻറ് എൽ പി സ്കൂൾ ആരംഭിച്ചു. ശ്രീ വിശ്വനാഥൻ മാസ്റ്റർ ആയിരുന്നു ഏകാധ്യാപകൻ. തുടർന്ന് രണ്ടാം ക്ലാസ് വന്നതോടുകൂടി ശ്രീ പുതുശ്ശേരിമ്മൽ അമ്മത് ഹാജിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം 10 രൂപ വാടക നിശ്ചയിച്ച് അവിടെ പ്രവർത്തനം തുടർന്നു. അങ്ങനെ രണ്ട് സ്ഥലങ്ങളിലായി വിദ്യാലയം അഞ്ചാം ക്ലാസ് വരെ വളർന്നപ്പോൾ സ്ഥലപരിമിതിയിൽ വീർപ്പുമുട്ടി, ഈ സന്ദർഭത്തിൽ സാധാരണക്കാരനും മഹാമനസ്കനുമായ വീട്ടിലുള്ള പറമ്പിൽ കേളപ്പൻ എന്നവർ തന്റെ കൈവശമുള്ള 27 സെൻറ് സ്ഥലം സ്കൂളിനായി സംഭാവന ചെയ്തു .പിന്നീട് ഇതിനു സമീപത്തുള്ള ഒരേക്കർ സ്ഥലം സർക്കാർ പൊന്നും വിലയ്ക്കെടുക്കുകയും സ്കൂൾ അവിടേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു.

1982 ൽഎൽ പി സ്കൂൾ യുപി സ്കൂളായി ഉയർത്തപ്പെട്ടു . നല്ലവരായ നാട്ടുകാരുടെയും ജില്ലാ പഞ്ചായത്തിന്റെയും സഹായത്തോടെ വിദ്യാലയത്തിൽ വികസന പ്രവർത്തനങ്ങൾ നടന്നു. കെട്ടിടങ്ങളുടെ എണ്ണം വർദ്ധിച്ചു സർവ്വശിക്ഷ അഭിയാൻ പദ്ധതി ആരംഭിച്ചതോടെ വിദ്യാലയത്തിന്റെ ഭൗതിക വികസനം മെച്ചപ്പെട്ടു തുടങ്ങി .പ്രധാനാധ്യാപകന് പ്രത്യേക മുറിയും ശൗചാലയ സമുച്ചയവും നിർമ്മിക്കപ്പെട്ടത് ഇക്കാലത്താണ്. ആർഎംഎസ്എ പദ്ധതി പ്രകാരം 2013 ലാണ് ഹൈസ്കൂൾ അനുവദിക്കപ്പെട്ടത് .ഇന്ന് പ്രീപ്രൈമറി തലം മുതൽ പത്താം ക്ലാസ് വരെയുള്ള കുത്താളി പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയം ആണിത്.

## സ്കൂളിന്റെ പരിമിതികൾ

**മി**കവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങൾ വളർന്നുവരുന്ന ഈ കാലഘട്ടത്തിൽ വ്യത്യസ്ത മേഖലകളിലെ കഴിവുകൾ സംയോജിപ്പിച്ച് കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിൽ നമ്മുടെ സ്കൂൾ നേരിടുന്ന ചില പരിമിതികൾ

* ഭാഷ ,ഗണിതം ഇവയിൽ അടിസ്ഥാന ശേഷികൾ കൈവരിക്കുന്നതിൽ പ്രയാസം നേരിടുന്ന വിദ്യാർത്ഥികൾ.

* അധ്യയന ദിവസങ്ങളിലും സ്പെഷ്യൽ ക്ലാസുകളിലും ഹാജരാകാത്ത അവസ്ഥ.

* വിദ്യാർത്ഥികളുടെ പഠനകാര്യങ്ങൾ അധ്യാപകരുമായി ചർച്ച ചെയ്യുന്നതിന് സ്കൂളിൽ എത്തുന്ന രക്ഷിതാക്കളുടെ എണ്ണം കുറവ്.

* വിദ്യാർത്ഥികളുടെ വീട്ടിലെ പഠനസമയം കുറഞ്ഞുവരുന്നു.

* വീട്ടിൽ വെച്ചുള്ള പഠനത്തിൽ വിദ്യാർത്ഥികൾക്ക് പിന്തുണ നൽകുന്നതിന് സാധിക്കാത്ത രക്ഷിതാക്കൾ .

* മികച്ച പഠനാനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നതിനും ,ക്ലാസ് മുറികളിലെ പഠനം രസകരമാക്കുന്നതിനും ആസൂത്രണം ചെയ്യുന്ന പഠനപ്രവർത്തനങ്ങൾ ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പാക്കാൻ കഴിയാത്ത അവസ്ഥ.

* പഠനത്തിൽ തന്റെ കുട്ടി നേരിടുന്ന പ്രശ്നം കണ്ടെത്തുന്നതിൽ പ്രയാസം നേരിടുന്ന രക്ഷിതാക്കൾ

* ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നിവയുടെ പഠനത്തിന് ആവശ്യമായ ലാബുകളുടെ അഭാവം.

* കുട്ടികളുടെ കായിക ആരോഗ്യം ഉറപ്പാക്കാൻ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്ത കുറവ്.

* കുട്ടികളുടെ കായിക - ആരോഗ്യക്ഷമത ഉറപ്പാക്കാൻ മതിയായ ഗ്രൗണ്ടിന്റെ അപര്യാപ്തത

* വിദ്യാർത്ഥികൾക്ക് സ്വയം പഠന സംവിധാനങ്ങൾ ഇല്ലാത്ത അവസ്ഥ.

* ഓരോ ഘട്ടത്തിലും വിദ്യാർത്ഥി ആർജ്ജിക്കുന്ന പഠന നേട്ടങ്ങളെ സ്വയം വിലയിരുത്താൻ സഹായിക്കുന്ന ടൂൾ ലഭിക്കാത്ത അവസ്ഥ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ ലക്ഷ്യങ്ങൾ

**നാ**ടിന്റെയും സമൂഹത്തിന്റെയും സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും അനുസരിച്ച് നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റിയെടുക്കേണ്ടത് അനിവാര്യമാണ് പൊതുവിദ്യാലയങ്ങളെയും, വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും സ്നേഹിക്കുകയും മെച്ചപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും സർഗാത്മകമായി ഇടപെടാനുള്ള അവസരമാണിത്. അക്കാദമിക മികവിലൂടെയാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂടെയാണ് നാം പദ്ധതികൾ തയ്യാറാക്കുന്നത്. നമ്മുടെ വിദ്യാലയത്തിലെ അക്കാദമിക പോരായ്മകൾ പരിഹരിക്കുകയും വിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യങ്ങൾ ഇവയാണ്.

* പ്രീപ്രൈമറി സ്കൂളിലെ പഠനരീതി ആധുനിക കാഴ്ചപ്പാടോടെ പൂർണമായും ശിശു കേന്ദ്രീകൃതമാക്കുകയും അഞ്ചു വയസ്സ് വരെ കുട്ടി ആർജിക്കേണ്ട കാര്യങ്ങൾ ആർജിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

* ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ സമപ്രായക്കാരായ ലോകത്തെവിടെയുമുള്ള കുട്ടികളാർജിക്കുന്ന അറിവും കഴിവും സ്വന്തം സാധ്യതയുടെ പരമാവധിയിൽ നേടുമെന്ന് ഉറപ്പാക്കുന്നു.

* മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, ഉറുദു, അറബി ഭാഷകളിൽ ജ്ഞാനവും ആശയവിനിമയശേഷിയും കൈവരിക്കാൻ പ്രാപ്തരാകുന്നു.

* പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.

* മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവനത്തിന് ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം തന്നെ മതനിരപേക്ഷത ജനാധിപത്യബോധം തുല്യത സഹവർത്തിത്വം സഹകരണം അനുതാപം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ടുപോകാൻ ആവശ്യമായ മൂല്യബോധങ്ങൾ വളരാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും സൃഷ്ടിക്കുന്നു.

* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

* ക്ലാസ് മുറികൾ ഇതിനായി ആധുനികരിക്കുന്നു.

* പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളെപരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകൾ അവർക്ക് കൂടി പ്രയോജനപ്രദം ആക്കുകയും ചെയ്യുന്നു.

* പ്ലാസ്റ്റിക്, കീടനാശിനി, ലഹരി മുക്ത നാടിന്റെ സൃഷ്ടിക്കായി വിദ്യാർത്ഥികളെ മാനസികമായി സജ്ജരാക്കുന്നു

* കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുന്നു, ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുന്നു

* പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കാൻ സ്കൂളിന്റെ പരിസര സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു

* ഗണിതം ,ശാസ്ത്രം, ഐടി വിഷയങ്ങളിൽ ആശയ ധാരണയും കഴിവും നേടുന്നു

* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണനയും ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുന്നു

* വിദ്യാർത്ഥികളുടെ സർഗ്ഗപരമായ കഴിവുകളെ വികസിപ്പിക്കാൻ അവസരം ലഭിക്കുന്നു

* വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നു.

* ഒന്നാം ക്ലാസ് മുതൽ വായനാ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നു

* കുടുംബഘടനയിലും ജീവിതരീതിയിലും വന്ന മാറ്റങ്ങൾ കൗമാരപ്രായക്കാരിൽ സ്വാഭാവികമായും ഉണ്ടാകുന്ന അന്ത:സംഘർഷങ്ങളെ മറികടക്കാൻ ആവശ്യമായ കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കുന്നു

## മികവുകൾ

* തുടർച്ചയായി 9 വർഷം എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം.

* എല്ലാ കുട്ടികൾക്കും പോഷകാഹാരം .

* വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം .

* എൽ പി തലം മുതൽ ഹൈസ്കൂൾ തലം വരെ പാഠഭാഗവുമായി ബന്ധപ്പെട്ട് വെവ്വേറെ പഠനയാത്രകൾ.

* രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ഓണം, ക്രിസ്തുമസ്, റംസാൻ, ന്യൂ ഇയർ ആഘോഷങ്ങൾ.

* രാവിലെയും വൈകുന്നേരവുമായി പിന്നോക്ക വിദ്യാർഥികൾക്ക് പ്രത്യേക പരിശീലനം.

* മുൻ വർഷങ്ങളിൽ കലാ കായിക മത്സരങ്ങളിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള പങ്കാളിത്തം.

* സർക്കാർ സഹായത്തോടെ തികച്ചും സൗജന്യമായി ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറി ക്ലാസ് .

* എൽ എസ് എസ് , യു എസ് എസ് ,എൻ എം എം എസ് ,ഉറുദു, അറബി, സംസ്കൃതം സ്കോളർഷിപ്പ് വിജയികൾ.

* ഹൈസ്കൂൾ ,യുപി തലങ്ങളിൽ പൊതുപരീക്ഷയെ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിദഗ്ധ പരിശീലകരെ ഉപയോഗിച്ച് പ്രത്യേകം ക്ലാസുകൾ .

* എൽ എസ് എസ്, യു എസ് എസ്, ,എൻ എം എം എസ് പ്രത്യേക പരിശീലനം .

* സമ്പൂർണ്ണ ശുചിത്വം.

* പ്രീ പ്രൈമറി വിദ്യാർത്ഥികൾക്ക് പാർക്ക് വർണ്ണ കൂടാരം.

* സയൻസ് ,IT ലാബുകൾ, ലൈബ്രറി..

* വായനാമുറി.

* സമ്പൂർണ്ണ ക്ലാസ് ലൈബ്രറി.

* ഹൈടെക് ക്ലാസ് മുറികൾ.

* ലിറ്റിൽ കൈറ്റ്സ് ,JRC യൂണിറ്റുകൾ.

## വിദ്യാർത്ഥികൾ

| വിഭാഗം | ആൺകുട്ടികളുടെ എണ്ണം | പെൺകുട്ടികളുടെ എണ്ണം | ആകെ കുട്ടികളുടെ എണ്ണം |
|---|---|---|---|
| പ്രീ പ്രൈമറി | 15 | 18 | 33 |
| എൽ.പി | 33 | 47 | 80 |
| യു .പി | 52 | 60 | 112 |
| ഹൈസ്കൂൾ | 57 | 68 | 125 |
| ആകെ | 157 | 193 | 350 |

### കുട്ടികളുടെ എണ്ണം ക്ലാസ് തിരിച്ച്

| ക്ലാസ്സ് | ആൺകുട്ടികളുടെ എണ്ണം | പെൺകുട്ടികളുടെ എണ്ണം | ആകെ കുട്ടികളുടെ എണ്ണം |
|---|---|---|---|
| LKG | 8 | 6 | 14 |
| UKG | 7 | 12 | 19 |
| I A | 2 | 8 | 10 |
| II A | 6 | 10 | 16 |
| II B | 10 | 6 | 16 |
| III A | 8 | 10 | 18 |
| IV A | 7 | 13 | 20 |
| V A | 9 | 10 | 19 |
| V B | 8 | 7 | 15 |
| VI A | 4 | 10 | 14 |
| VI B | 11 | 12 | 23 |
| VII A | 9 | 9 | 18 |
| VII B | 11 | 12 | 23 |
| VIII A | 3 | 8 | 11 |
| VIII B | 14 | 15 | 29 |
| IX A | 8 | 7 | 15 |
| IX B | 12 | 25 | 37 |
| X A | 2 | 2 | 4 |
| X B | 18 | 11 | 29 |
| ആകെ | **157** | **193** | **350** |

# L P

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | മാസം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എല്ലാ കുട്ടികളെയും അർഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | പഠന പിന്നോക്കാവസ്ഥ നേരിടുന്നവർക്ക് പ്രത്യേക പരിശീലനം. | I - IV | ജൂൺ | ഭാഷാധ്യാപിക | SRG |
| | ഓരോ ക്ലാസ് മുറിയിലും പഠനോപകരണങ്ങൾ ഒരുക്കൽ. ( വായനാ കാർഡ്) | I - IV | ജൂൺ | ഭാഷാധ്യാപിക | SRG |
| | ഓരോ ക്ലാസ് മുറിയിലും പ്രത്യേക വായനാ കോർണർ ഒരുക്കുന്നു. | I - IV | ജൂൺ | ഭാഷാധ്യാപിക | SRG |
| | എന്റെ പിറന്നാൾ പുസ്തകം - ക്ലാസ് ലൈബ്രറിയിൽ പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു. | I - IV | ജൂൺ-മാർച്ച് | ക്ലാസധ്യാപിക | |
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക, സർഗാത്മക രചനയ്ക്ക് അവസരം സൃഷ്ടിക്കുക. | ഉച്ചഭാഷിണി വായന, ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കൽ- ഓരോ മാസവും. | I - IV | എല്ലാ മാസവും | ക്ലാസധ്യാപിക | SRG |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാൻ കഴിവ് നേടുക, മികച്ച വായനാശീലം വളർത്തുക. | ക്ലാസ്തല പതിപ്പുകൾ, വായിച്ച പുസ്തകങ്ങളെക്കുറിച്ച് വായനാക്കുറിപ്പ്, കുട്ടി രചനകൾ പ്രസിദ്ധീകരിക്കൽ. (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ) | I - IV | ജൂൺ- മാർച്ച് | ക്ലാസധ്യാപിക | |
| | രചനോത്സവം - മാതൃകകൾ നൽകി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതുന്നു. സർഗവേള, വായനാക്കുറിപ്പ്, കവിതകൾ | I - IV | ജൂൺ- മാർച്ച് | ക്ലാസധ്യാപിക | SRG |
| | നാടക കളരി, പഠനയാത്ര | I - IV | ജനുവരി - ഫെബ്രുവരി | വിദ്യാരംഗം ക്ലബ്ബ്, ക്ലാസധ്യാപിക | SRG |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | മാസം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം<br>അടിസ്ഥാന ഗണിത ആശയങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.<br>എല്ലാ ക്ലാസ്സിലും ഗണിതമൂല ഉറപ്പാക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്നവർക്ക് പ്രത്യേക പരിശീലനം. | I - IV | ജൂൺ | ഗണിതാധ്യാപിക | SRG |
| | ഓരോ ക്ലാസ് മുറിയിലും പഠനോപകരണങ്ങൾ ഒരുക്കൽ. | I - IV | ജൂൺ | ഗണിതാധ്യാപിക | SRG |
| | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകുന്നതിന് സഹായകമായ ഗണിതമൂല. | I - IV | ജൂൺ | ഗണിതാധ്യാപിക | SRG |
| | ഗണിതകേളി | I - IV | ജൂൺ-മാർച്ച് | ഗണിതാധ്യാപിക | SRG |
| | ഗണിത മാഗസിൻ | | | | |
| | പ്രാദേശിക ഗണിത വിദഗ്ദരെ ഉൾപ്പെടുത്തി പരിശീലനം. | I - IV | ഡിസംബർ-ജനുവരി | ഗണിതാധ്യാപിക | SRG |
| | | I - IV | | | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | മാസം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ശാസ്ത്ര പ്രക്രിയാ ശേഷികളുടെ വളർച്ചയ്ക്കുതകുന്ന വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ. | I - IV | ജൂൺ | ശാസ്ത്രാധ്യാപിക | SRG |
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശിൽപ്പശാലകൾ, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക. | I - IV | ഓരോ ടേമിലും | ശാസ്ത്രാധ്യാപിക | SRG |
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കുക. | I - IV | എല്ലാ മാസവും | ശാസ്ത്രാധ്യാപിക | SRG |
| | പഠനയാത്ര, ഫീൽഡ്ട്രിപ്പ് | I - IV | ഡിസംബർ | ശാസ്ത്രാധ്യാപിക | |

# ENGLISH

| Aim | Activity | Class | Duration | Charge | Resource |
|---|---|---|---|---|---|
| Ensure comprehensive quality education Empowerment of listening,speaking, reading& writing | Pretest – Examine And categorise the students | I –IV | **June** | English Teacher | SRG |
| | Setting english corner in each classroom – story time & say time | I –IV | **June** | English Teacher | SRG |
| | English workshop on communication | I –IV | **June** | English Teacher | SRG |
| | English Diary | III – iV | **one day in a week** | English Teacher | |
| | English workshop on grammar | i – iV | **August** | English teacher | SRG |
| | Picture description, conversation | i – iV | **June – March** | English teacher | SRG |
| | Workshop on writing work book, language puzzle and games | i – iV | **October – February** | English teacher | SRG |
| | English Fest | i – iV | **January** | All teachers | SRG |

.

# അറബിക്

| | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **അറബിക് മധുരം**<br>ലക്ഷ്യം:- അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത് വായന**<br>1)ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു<br>2)അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുന്നു<br>3)പ്രത്യേകം തയ്യാറാക്കിയ മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് അറബിക് മധുരം ക്ലാസ് നൽകുക | **2 മാസം** | പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ | എസ് ആർ ജി |
| 2 | വായനാലോകം<br>ലക്ഷ്യം:-<br>*കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ<br>*നല്ല വായനക്കാരൻ ആക്കുക | **1)** തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം<br>പുസ്തകങ്ങൾ :<br>ചിത്രകഥ (അറബിക്)<br>അറബിക് ക്വിസ്<br>**2)** ക്ലാസ് വായന<br>ഓരോ അറബിക് പീരിയഡിലും ആദ്യ അഞ്ച് മിനിറ്റിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക | 6 മാസം | ക്ലാസ് ലൈബ്രറി<br>പുസ്തകങ്ങൾ | സമാഹരണം<br>ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ |
| 3 | **ആസ്വാദന ലോകം** | ആസ്വാദന സഭ **:** | | | |

| | | | | | |
|---|---|---|---|---|---|
| | | *പാടാനും പറയാനും കഴിയുന്ന കഴിവുള്ള മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രമിക്കാനും അവസരം സൃഷ്ടിക്കുവാൻ 2 ആഴ്ചയിൽ ഒരിക്കൽ ആസ്വാദനസഭ ചേരുക<br><br>*ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവണം<br><br>**2 കാഴ്ചയും കേൾവിയും**<br><br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക്കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽസിഡി അല്ലെങ്കിൽ കമ്പ്യൂട്ടറിൻറെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>ഉദാഹരണം ഖുർആൻ കഥകൾ ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെൻററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗേ്വജ് ലാബ്<br><br>കമ്പ്യൂട്ടർ<br><br>എൽസിഡി | |

# U P

## സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ** | **1. ഔഷധത്തോട്ടം ,പച്ചക്കറിത്തോട്ടം നിർമ്മാണം .**<br>**2.കണ്ടറിയാൻ യാത്ര. കാവുകൾ, കാടുകൾ സന്ദർശനം പുഴ അറിയാൻ യാത്രകൾ നഴ്സറി കൾ സന്ദർശിക്കൽ,**<br>3. നിത്യ ജീവിതത്തിൽ ലഭിക്കാനിടയുള്ള വസ്തുക്കൾ ഉപയോഗിച്ച് ചെറു പരീക്ഷണങ്ങൾ | ഓഗസ്റ്റ് സെപ്റ്റംബർ<br>**ജൂലായ് - ഓഗസ്റ്റ്**<br>**അക്കാദമിക വര്ഷം** | ശാസ്ത്രധ്യാപകർ ,ശാസ്ത്ര ക്ലബ്<br>ശാസ്ത്ര ക്ലബ്, പരിസ്ഥിതി ക്ലബ്<br>ശാസ്ത്ര ക്ലബ്, ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ് | PTA<br>രക്ഷകർത്താക്കൾ |
| ശാസ്ത്ര പ്രക്രിയ ശേഷി വിജയിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് | 1. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിവിധ ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>2. ശാസ്ത്ര മേഖലയിലെ പല നൂതന ആശയങ്ങളിലും സെമിനാർ സംഘടിപ്പിച്ചു പ്ര ബന്ധം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>3. ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ചു ഒരു | അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്ര ക്ലബ് **പരിസ്ഥിതി ക്ലബ്**<br>ശാസ്ത്ര ക്ലബ്, ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്<br>ശാസ്ത്രാധ്യാപകർ, | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര ലൈബ്രറി | | | |

## മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജാമിതീയ രൂപങ്ങളുടെ നിർമ്മാണം | ജോമെടിക്കൽ ചാർട്ട് ഉപയോഗിച്ച് ജാമിതീയ രൂപങ്ങളുടെ നിർമ്മാണം | ജൂൺ- ജൂലൈ | ഗണിത അധ്യാപകർ | PTA |
| ഗുണനപ്പട്ടിക ഉറപ്പിക്കൽ | ഗണിത കളികളിലൂടെ ഗുണനപ്പട്ടിക ഉറപ്പിക്കൽ, ഹരണ വസ്തുതകൾ ധരിപ്പിക്കൽ | ജൂൺ മുതൽഓഗസ്റ്റ് വരെ | ഗണിത അധ്യാപകർ | PTA |
| ഗണിത പുസ്തക ശേഖരണം | ക്ലാസ് ലൈബ്രറിയിലേക്ക് ഗണിത പുസ്തക ശേഖരണം | ജൂൺ | ഗണിത ക്ലബ്ബ് | PTA |
| പൊതു അറിവുകൾ ആർജിക്കൽ | ഗണിത ക്വിസ് മത്സരം | ജൂൺ | ഗണിത അധ്യാപകർ | PTA |
| ഗണിതത്തിലെ മന്ദ പഠിതാക്കൾക്കായി | ഗണിത ക്ലിനിക്ക് | **അക്കാദമിക വർഷം** | **ഗണിത ക്ലബ്ബ്** | PTA |

# ENGLISH

| Objectives | Activity | Duration | Support |
|---|---|---|---|
| 1. Strengthen analytical reading skills.<br>2. To improve public speaking and commnication skills<br>3. Enhances vocabulary | News Reading Session: | Ten minutes, daily (June) | Class teacher |
| Develop confidence in speaking | Thoughts of the Day-<br>Students share their thoughts on a given topic or theme | (June-July) | English teacher |
| Enhance communication, creative skills, listening, and speaking skills through dramatic activities, including role-play. | Dramatization<br>ask learners to dramatize a lesson and prepare a script based on it. | August-September | English teacher |
| improve vocabulary and reading comprehension | Word Puzzle Creation:<br>Students create puzzles using newly introduced words from their textbook. | October | English teacher |
| To enhance vocabulary, develop deeper understanding of words, improve spelling. | Class Dictionary: Prepare a handwritten dictionary for each class by using newly introduced words from English textbook. | November-December | English teacher |
| Let the students follow instructions effectively. This activity help s | "Follow me if you can": An interactive activity where the teacher | January | English teacher |

| | | | |
|---|---|---|---|
| students develop their listening skill, attention and ability to follow instructions. | gives instructions, and students have to follow them accurately. | | |
| To improve reading and writing skills, enhancing comprehension | Review writing: Students write a review of a book, article, or passage, summarizing the content and providing their thoughts and opinions. | February | English teacher |

## SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ഇവ പരിശോധിക്കൽ നേടിയെടുക്കാൻ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിന് ചിന്താ പ്രേരകമായ പ്രവർത്തങ്ങൾ നൽകുന്നു | june | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യത ഉപയോഗിച്ച് MEMORY ടെസ്റ്റ് നടത്തുന്നു ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| ജനാധിപത്യപരമായ സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ,വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| വിവരവിനിമയെ സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും | കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ് |

| | | | |
|---|---|---|---|
| റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ക്ലാസുകൾ നടത്തുന്നു | | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന കാവുകൾ കണ്ടൽ കാടുകൾ തണ്ണീർ തടങ്ങൾ ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ പഠിതാക്കളെ നല്ല നിലവാരത്തിലേക്ക് എത്തിക്കുന്നു | ചോദ്യോത്തര വേളകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വീത വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു | ജൂൺമാസം | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പുവരുത്തുക | പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ കുട്ടികൾ വായിക്കുകയും ഉച്ചാരണ ശുദ്ധി വരുത്തുകയും ചെയ്യുക. വാർത്താവായന ക്വിസ് മത്സരം എന്നിവ നടത്തുക | ജൂൺമാസം | മലയാളം അധ്യാപകർ | |
| സാഹിത്യകൃതികളോട് സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി കുട്ടികളുടെ സർഗ്ഗ ശേഷി വളർത്തൽ | സാഹിത്യകാരന്മാരുമ ായി മുഖാമുഖം സംവാദങ്ങളിലും അഭിമുഖത്തിലും ഏർപ്പെടൽ | ജൂൺമാസം | വിദ്യാരംഗം ക്ലബ്ബ് | വിദ്യാരംഗം ക്ലബ്ബ് |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | വിദഗ്ധരെ ഉപയോഗിച്ചുകൊണ്ടുള്ള ശില്പശാലകൾ<br><br>പാഠഭാഗത്തുള്ള ചൊൽക്കാഴ്ചകൾ നാടകാവിഷ്കാരം എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | വിദ്യാരംഗം ക്ലബ്ബ് | PTA |

## ഉർദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഏക് ദിൻ ഏക് ലഫ്സ് വിദ്യാർത്ഥികളിൽ വായന എഴുത്ത് എന്നീ ശേഷികൾ പരിപോഷിപ്പിക്കുക | അധ്യാപകൻ ഒരു ദിവസം ഒരു പദം കുട്ടികളെ പരിചയപ്പെടുത്തുന്നു കുട്ടികൾ പ്രസ്തുത പദം വീട്ടിൽനിന്ന് വായിക്കുകയും എഴുതുകയും ചെയ്യുന്നു ഡിജിറ്റൽ സംവിധാനം ഉപയോഗപ്പെടുത്തുന്നു ഇങ്ങനെ തുടർച്ചയായ 21 ദിവസം 21 പദങ്ങൾ പരിചയപ്പെടുത്തുന്നു | JUNE<br>JULY<br>AUGUST | അധ്യാപകൻ |
| ഏക് ദിൻ ഏക് ജുംല:- | വിവിധ ഘട്ടങ്ങളിൽ പരിചയപ്പെട്ട ലഫ്സുകൾ, ജുംലകൾ, ബന്ദ് കൾ എന്നിവ അതാത് പ്രവർത്തനങ്ങളുടെ അവസാനത്തിൽ വിലയിരുത്തൽ നടത്തുന്നു<br><br>(വായനാമത്സരം കയ്യെഴുത്ത് മത്സരം തുടങ്ങിയവ)<br><br>വിവിധ ഘട്ടങ്ങളിലൂടെ പരിചയപ്പെട്ട ലഫ്സുകൾ, ജുംലകൾ, ബന്ദ് കൾ എന്നിവ ഉപയോഗിച്ച് പതിപ്പ് തയ്യാറാക്കുക | OCTOBER<br>NOVEMBER | അധ്യാപകൻ |
| ഏക് ദിൻ ഏക് ബന്ദ്: | നേരത്തെ പരിചയപ്പെട്ട പദങ്ങൾ ഉപയോഗിച്ച് അധ്യാപകൻ തുടർച്ചയായ ദിവസങ്ങളിൽ ജുംല പരിചയപ്പെടുത്തുന്നു കുട്ടികൾ പ്രസ്തുത ജുംല | DECEMBER<br>JANUARY | അധ്യാപകൻ |

| | | | |
|---|---|---|---|
| | വീട്ടിൽനിന്ന് വായിക്കുകയും എഴുതുകയും ചെയ്യുന്ന പ്രസ്തുത പ്രവർത്തനങ്ങൾ അധ്യാപകന് അയച്ചു കൊടുക്കുന്നു | | |
| ഉർദു മാഗസിൻ<br>ഉർദു ഭാഷയിലെ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിനു ശേഷി നേടുക | വിവിധ വ്യവഹാര രൂപങ്ങൾ പരിശീലിപ്പിക്കുന്നു<br>സർഗാത്മക ശേഷി പരിപോഷിപ്പിക്കാൻ വിവിധ മത്സര പരിപാടികൾ സംഘടിപ്പിക്കുന്നു<br>ഉദാഹരണം: കവിതാരചന കഥാരചന പോസ്റ്റർ മാഗസിൻ എന്നിവ തയ്യാറാക്കുന്നതിന് പരിശീലനം നൽകുന്നു പ്രസിദ്ധീകരണം<br>ഫെബ്രുവരി 15 ഉർദു ദിനത്തിൽ സ്കൂളിൽ പ്രസിദ്ധീകരിക്കുന്നു | (മൂന്ന് മാസം) | ഉർദു ക്ലബ് |

# SANSKRIT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| യു പി തലത്തിൽ കുട്ടികൾക്ക് അക്ഷരങ്ങളും പദങ്ങളും | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷര കാർഡ് ക്ലാസിൽ അക്ഷരമാല പ്രദർശനം | ജൂൺ - ആഗസ്റ്റ് | അധ്യാപകൻ |
| വീട് ഒരു പരീക്ഷണശാല [ കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക] | പറയാം പഠിക്കാം ചിത്രങ്ങളുടെ പേര് പറയൽ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിപ്പിക്കാനുള്ള അവസരം | സെപ്റ്റംബർ - ഒക്ടോബർ | അധ്യാപകൻ |
| വായനാ ലോകം [കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ] | ലളിതമായ പുസ്തകങ്ങൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കൽ | ഒക്ടോബർ - മാർച്ച് | അധ്യാപകൻ |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠനനേട്ടങ്ങൾ | ക്ലബ്ബ് രൂപീകരണം പഠനോപകരണ നിർമ്മാണം പതിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | അധ്യാപകൻ |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ക്വിസ് മത്സരം നടത്തുന്നു മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു സംസ്കൃതം സ്കോളർഷിപ്പ് , രാമായണ പ്രശ്നോത്തരി എന്നിവയ്ക്കു പ്രത്യേക പരിശീലനം | ജൂലൈ - മാർച്ച് | അധ്യാപകൻ |
| സംസ്കൃത ദിനാചരണം | സംസ്കൃത ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൻ | ആഗസ്റ്റ് | അധ്യാപകൻ |

വിക്ടേഴ്സ് ചാനൽ,സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ സംസ്കൃതം ഷോർട്ട് ഫിലിമുകൾ ഡോക്യുമെന്ററികൾ സിനിമകൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ

# HIGH SCHOOL

**മേഖല : അക്കാദമികം**

**ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമഗ്രികൾ | കാലം |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവ സ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരങ്ങളും ചിഹ്ന ഉൾപ്പെട്ടങ്ങളും ഉൾപ്പെട്ടുത്തൽ<br>3. അക്ഷര കാർഡ് നിർമ്മാണം<br>4. വാക്യം നിർമ്മിക്കൽ<br>5. ചിത്രത്തിന് അടിക്കുറിപ്പ് തയ്യാറാക്കൽ<br>6. ചിത്രം നോക്കി കഥ പറയൽ | ഹെഡ് മാസ്റ്റർ , പി.ടി.എ,സ്റ്റാഫ് ,ബി ആർ സി , ഐ .ഇ .ഡിട്രെയിനർ | പുസ്തകങ്ങൾ | ജൂൺ - ജൂലായ് |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1.ക്ലാസ്, വായനാ ക്ലബ്ബ് രൂപീകരണം<br>2 .വായന മൂല<br>3.ക്ലാസ് ലൈബ്രറി<br>4.സ്കൂൾലൈബ്രറി നവീകരണം<br>5.സമീപ ഗ്രന്ഥശാല അംഗത്വം<br>7.വായന മത്സരം<br>8.പത്രവായന ,അമ്മ വായന<br>9.പുസ്തക ചർച്ച, രചനകൾ, വിദ്യാരംഗം, വായനദിന പ്രവർത്തനങ്ങൾ | ഹെഡ് മാസ്റ്റർ , പി.ടി.എ,സ്റ്റാഫ് ,ബി ആർ സി , ഐ .ഇ .ഡിട്രെയിനർ | പുസ്തകങ്ങൾ | ജൂലായ് - ആഗസ്റ്റ് |
| 3. കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | 1.ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക | ഹെഡ് മാസ്റ്റർ , പി.ടി.എ,സ്റ്റാഫ് ,ബി ആർ സി , ഐ .ഇ | ലൈബ്രറി പുസ്തകങ്ങൾ | ആഗസ്റ്റ് - ഡിസംബർ |

| | | | | |
|---|---|---|---|---|
| | 2.ചുമർ പത്രിക<br>3. സർഗ്ഗസൃഷ്ടി, പതിപ്പ്<br>4. സംഘ രചന<br>5. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | .ഡിട്ടെയിനർ | | |
| 4. തിരക്കഥ ക്യാമ്പ് | 1.സിനിമ പ്രദർശനം ,ചർച്ച<br>2.തിരക്കഥ രചന ,തിരക്കഥ പരിചയം<br>3.തിരക്കഥാകൃത്തുക്കളെ പരിചയപ്പെടൽ<br>4.മികച്ച തിരക്കഥ ശേഖരണം | ഹെഡ്മാസ്റ്റർ ,പിടിഎ ബിആർസി, | കമ്പ്യൂട്ടർ, സിനിമ ,സിഡി, ഐടി ലാബ് | ഓഗസ്റ്റ് - ജനുവരി |
| 5. നാടക ക്യാമ്പ് | ബാല നാടകങ്ങൾ, ശേഖരണം, വായന. അവതരണം, നല്ല നാടക പ്രദർശനം | ഹെഡ് മാസ്റ്റർ , പി.ടി.എ,സ്റ്റാഫ് ,ബി ആർ സി , ഐ .ഇ .ഡിട്ടെയിനർ | ലൈബ്രറി | ജൂലായ് - നവംബർ |
| 6 .കാവ്യകേളി | കാവ്യ കൂട്ടം .കുട്ടികളുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ ,പ്രാദേശിക സാഹിത്യകാരൻമാർ, കവികൾ | ബി ആർ സി | കമ്പ്യൂട്ടർ, സിനിമ ,സിഡി, ഐടി ലാബ് | ജൂലായ് - ഫെബ്രുവരി |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| AIM | ACTIVITY | CLASS | Time | DUTY | FINANCE |
|---|---|---|---|---|---|
| **Promoting Listening skill** | Listening to English speeches using ICT | VIII,IX,X | Monthly | English teacher, English Club | PTA |
| | Listening to pre-recorded reading of stories, essays , anecdotes etc | VIII,IX,X | Monthly | English teacher, English Club | PTA |
| | Listening to English poems' recitations using ICT | VIII,IX,X | Monthly | English teacher, English Club | PTA |
| **Promoting Speaking skill** | News reading in English-School Radio | VIII,IX,X | Daily | English teacher, English Club | PTA |
| | English Assembly | VIII,IX,X | Monthly | English teacher, English Club | PTA |
| | Short speech in English on various subjects -two pupils | VIII,IX,X | Weekly | English teacher, English Club | PTA |
| **Promoting Reading skill** | English library | VIII,IX,X | Weekly | English teacher, English Club | PTA |
| | English reading corner | VIII,IX,X | Daily | English teacher, English Club | PTA |

| | | | | | |
|---|---|---|---|---|---|
| | Review writing practice of the read books in English | VIII,IX,X | Annual | English teacher, English Club | PTA |
| | Appreciation writing practice of the English poems of study and other simple poems in English | VIII,IX,X | Terminal | English teacher, English Club | PTA |
| | Reading English dailies | VIII,IX,X | Daily | English teacher, English Club | PTA |
| **Promoting Writing skill** | School English magazine | VIII,IX,X | Annual | English teacher, English Club | PTA |
| | Short story writing competition | VIII,IX,X | Terminal | English teacher, English Club | PTA |
| | English essay writing competition | VIII,IX,X | Terminal | English teacher, English Club | PTA |
| | English wall magazine | VIII,IX,X | Terminal | English teacher, English Club | PTA |
| | A word a day | VIII,IX,X | Daily | English teacher, English Club | PTA |
| **Promoting Creativity skill.** | Choreography of English poems for study in High School classes | VIII,IX,X | Annual | English teacher, English Club | PTA |
| | Dramatisation of the English lessons for study in High School classes | VIII,IX,X | Annual | English teacher, English Club | PTA |

**മേഖല : അക്കാദമികം**

**ഉപമേഖല : ഹിന്ദി**

## പൊതുവായ ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കുവാനും സംസാരിക്കുവാനും എഴുതുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
2. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പുവരുത്തുക.
3. ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
4. ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമായല്ല ചാർട്ട് പ്രദർശിപ്പിച്ച് അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കാനും ഉച്ചാരണത്തിനു ഊന്നൽ കൊടുക്കുന്നു | ജൂൺ- ജൂലായ് |
| 2. ഹിന്ദി എഴുതുവാനും വായിക്കുവാനും പ്രയാസമുള്ള കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. സംജ്ഞയും സർവ്വനാമവും ഇവ ചേർന്ന രൂപങ്ങളും പരിചയപ്പെടുത്തുന്നു. ആസ്വാദനകുറിപ്പ തയ്യാറാക്കുന്നതിനുള്ള ശേഷി ഉണ്ടാക്കുന്നു. | വായനക്കുള്ള അവസരം കൂടുതൽ നൽകുന്നു . പാഠഭാഗത്തു നിന്നും സംജ്ഞ സർവ്വനാമം എന്നിവ കണ്ടെത്താൻ അവസരം നൽകുന്നു. യുദ്ധവിരുദ്ധ പോസ്റ്റർ നിർമ്മാണം , സന്ദേശവാക്യങ്ങൾ ഹിന്ദി ദിനവുമായി ബന്ധപ്പെട്ട് അക്ഷര നിർമ്മാണം രചനാ മത്സരം എന്നിവ നടത്തുന്നു. | ഓഗസ്റ്റ്- സെപ്റ്റംബർ |
| 3. രചന ശേഷി വർദ്ദിപ്പിക്കാൻ പരിശീലനം നൽകുന്നു. | ദീവാർ പത്രിക നിർമ്മിക്കുന്നു | ഒക്ടോബർ - നവംബർ |
| 4. സാഹിത്യാഭിരുചി വളർത്തുക, ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു . കഥയെ തിരക്കഥയാക്കി മാറ്റുന്നു . സ്വഭാവ സവിശേഷതകളിൽ കുറിപ്പ് തയ്യാറാകുക , ഡയറി എഴുതാൻ പരിശീലിപ്പിക്കുക. | കവിത ചൊല്ലൽ , രചന എന്നിവ ചെയ്യാനുള്ള പ്രവർത്തനം . ലളിതമായ വാക്യങ്ങൾ തർജ്ജമ ചെയ്യാനുള്ള അവസരം കേട്ടെഴുത്തിനു അവസരം നൽകുന്നു. പാഠഭാഗം വായിച്ച് കഥാപാത്രങ്ങളെ മനസിലാക്കി സവിശേഷതകൾ കണ്ടെത്തുന്നു. | ഡിസംബർ - ജനുവരി |
| 5. നിരന്തര പരിശീലനം | നിരന്തര പരിശീലനം, വായന , ഡയറി എഴുതൽ , പോസ്റ്റർ , വാക്യ പിരമിഡ്, | ഫെബ്രുവരി |

| | | |
|---|---|---|
| | ആസ്വാദന കുറിപ്പ് തയ്യാറാക്കൽ | |

**മേഖല : അക്കാദമികം**

**ഉപമേഖല : സാമൂഹ്യശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1.ജനാധിപത്യം പൗര ബോധം രാജ്യസ്നേഹം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക | 1. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക<br>2. ചരിത്രബോധം വളർത്താനായി ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ<br>3. മുതിർന്ന പൗരന്മാരുമായി അഭിമുഖം നടത്തൽ<br>4. ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ<br>5. ഹിരോഷിമാ ദിനം നാഗസാക്കി ദിനം തുടങ്ങിയ ദിനാചരണങ്ങൾ<br>6. ചരിത്ര സംഭവങ്ങളെ ആസ്പദമാക്കി നിർമ്മിച്ച സിനിമകൾ പരിചയപ്പെടുത്തൽ<br>7. പുരാവസ്തുക്കൾ ശേഖരിക്കലും സംരക്ഷിക്കലും<br>8., പ്രാദേശിക ചരിത്ര രചന | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ, കുട്ടികൾ, അധ്യാപകർ, സുമനസ്സുകൾ |
| 2. ഭൂമിശാസ്ത്രത്തെ ശാസ്ത്രീയമായി അവലോകനം ചെയ്യൽ | 1. ഭൂപട നിർമ്മാണം ഭൂപട വായന<br>2. ഗ്ലോബ് അറ്റ്ലസ് വിവിധതരം തീമാറ്റിക് ഭൂപടങ്ങൾ പരിചയപ്പെടുത്തൽ<br>3. ഭൂമിശാസ്ത്രത്തിലെ വിവിധ ഉപകരണങ്ങളുടെ ഉപയോഗം നേരിട്ടോ ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തിയോ പരിചയപ്പെടുത്തൽ | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |

| | | | | |
|---|---|---|---|---|
| | | | | |
| 3. ജനാധിപത്യംപൗരബോധം രാജ്യസ്നേഹം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക | 1. സ്കൂൾ പാർലമെൻറ് മോക്ക് പാർലമെൻറ് ക്ലാസ് സഭകൾ<br>2. പൗരബോധം വളർത്തുന്നതിന് സഹായകരമായ വീഡിയോ പ്രദർശനം. മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന കുട്ടികളെ അനുമോദിക്കൽ<br>3. ഇന്ത്യൻ ഭരണഘടനയെ അടുത്തറിയൽ ചർച്ച | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |
| 4. സ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തൽ | 1. വിദ്യാലയ തലം മുതൽ ഗൃഹാന്തരീക്ഷം വരെ പരിസ്ഥിതി സൗഹാർദ്ദപരമായ വസ്തുക്കൾക്ക് പ്രാധാന്യം നൽകുക<br>2. പരിസ്ഥിതി ദിനം ആചരിക്കുക, വൃക്ഷത്തൈ നട്ടുവളർത്തുക<br>3. പ്ലാസ്റ്റിക് പോലുള്ള പരിസ്ഥിതി ദോഷകരമായ വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുക ഉപയോഗത്തിനെതിരെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **ക്ലാസ്** | **കാലം** | **ചുമതല** |
|---|---|---|---|---|
| ഗണിത ശാസ്ത്ര അവബോധം വളർത്തിയെടുക്കുക | ഗണിത ക്ലബ് രൂപീകരണം<br>ഗണിത പുസ്തക വായന<br>ഗണിത കിറ്റ് ഉപയോഗം | VIII - X | ജൂൺ | ഗണിത അധ്യാപകർ |
| പഠന നിലവാരം മെച്ചപ്പെടുത്തുക | പ്രീ ടെ സ്റ്റുകൾ നടത്തി പഠന നിലവാര റിപ്പോർട്ട് തയ്യാറാക്കുന്നു<br>പരിഹാരപ്രവർത്തന പാക്കേജ് നിർമ്മാണം | VIII - X | ജൂൺ-ജനുവരി | ഗണിത അധ്യാപകർ |
| ഗണിത ശാസ്ത്ര അഭിരുചി വളർത്തിയെടുക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് അസൈൻമെന്റ് സെമിനാർ<br>ഗണിത ഐ.ടി സാധ്യതകൾ | VIII - X | ജൂൺ_ ഫെബ്രുവരി | ഗണിത അധ്യാപകർ |
| ഗണിത ശാസ്ത്രത്തെ ജീവിതവുമായി ബന്ധപ്പെടുത്തൽ | വർക്കിങ്ങ് മോഡൽ,<br>ചാർട്ടുകൾ,<br>പസിലുകൾ | VIII - X | ജൂൺ- ഫെബ്രുവരി | ഗണിത അധ്യാപകർ |
| പ്രതിഭാശാലികളെ പരിപോഷിപ്പിക്കൽ | ഗണിത കിറ്റ് നിർമ്മാണം<br>വിഷയ വിദഗ്ധരുടെ ക്ലാസുകൾ | VIII - X | ആഗസ്റ്റ് - ഫെബ്രുവരി | ഗണിത അധ്യാപകർ |
| പ്രശ്നപരിഹാരത്തിനുള്ള വേഗത വർദ്ധിപ്പിക്കൽ | Problem Solving മത്സരങ്ങൾ | VIII - X | ആഗസ്റ്റ് - ഫെബ്രുവരി | ഗണിത അധ്യാപകർ |
| സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള പരിശീലനം | . NMMS പരീക്ഷാ പരിശീലനം | VIII | ജൂലൈ - ഡിസംബർ | ഗണിത അധ്യാപകർ |
| A plus club | Morning - Evening ക്ലാസുകൾ | X | ഒരു വർഷം | ഗണിത അധ്യാപകർ |

| | | | | |
|---|---|---|---|---|
| | വിദഗ്ധരുടെ<br>ക്ലാസുകൾ<br>Class Test<br>Series Test<br>Special Coaching<br>ക്ലാസുകൾ<br>Night Camp | | | |

**മേഖല : അക്കാദമികം**

**ഉപമേഖല : ഫിസിക്സ്, കെമിസ്ട്രി.**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1.ശാസ്ത്ര അവബോധം വളർത്തിയെടുക്കൽ, എല്ലാ കുട്ടികളുടെയും ശാസ്ത്ര പഠനത്തിനുള്ള മുന്നറിവ് പരിശോധിച്ച് അടിസ്ഥാന ശേഷി ഉണ്ടെന്നു ഉറപ്പു വരുത്തുക. | ശാസ്ത്ര പ്രസിദ്ധീകരണ വായന, ലാബിലെ രാസ വസ്തുക്കളെ പരിചയപ്പെടൽ, ഭൗതിക ശാസ്ത്ര ഉപകരണങ്ങളെ പരിചയപ്പെടൽ, ലഘുപരീക്ഷണങ്ങൾ. പ്രീ ടെസ്റ്റ് . മൂല്യനിർണ്ണയം , പരിഹാര ബോധനത്തിനായി ക്ലാസ് ,ആശയ ധാരണ ഉറപ്പു വരുത്തൽ | 8 - 10 | ജൂൺ - ജൂലായ് | ലാബ്, ലൈബ്രറി | അധ്യാപകർ |
| 2. സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | വിവിധ ഉപകരണങ്ങൾ , ചാർട്ടുകൾ, മോഡലുകൾ എന്നിവ ക്രമീകരിക്കുക. | 8 - 10 | ജൂൺ - ജൂലായ് | ലാബ് | ശാസ്ത്ര അധ്യാപകർ |
| 3. ശാസ്ത്ര അഭിരുചി വളർത്തിയെടുക്കാൻ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ട്, സെമിനാര്, ലാബ് പരീക്ഷണങ്ങൾ, മോഡലുകളുടെ നിർമാണം | 8 - 10 | ജൂലായ് - ആഗസ്റ്റ് | ലാബ്, ക്ലാസ്സ് റൂം | ശാസ്ത്ര അധ്യാപകർ |
| 4.ശാസ്ത്ര തത്ത്വങ്ങളെ നിത്യ ജീവിതവുമായി ബന്ധപെടുത്താൽ | പ്രോജക്ട്, സെമിനാർ , ലാബ് പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ, പഠന ക്യാമ്പുകൾ , പഠന യാത്രകൾ, ചിത്ര രചന , കാർട്ടൂൺ രചന | 8 – 10 | ആഗസ്റ്റ് - ഡിസംബർ | ലാബ്, ലൈബ്രറി | പി .ടി .എ , ശാസ്ത്ര അധ്യാപകർ |
| 5. പ്രതിഭ ശാലികളെ വളർത്തിയെടുക്കൽ | ശാസ്ത്ര ക്വിസ് , സ്കൂൾ ശാസ്ത്ര പ്രദർശന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ശാസ്ത്രവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ,കർട്ടൺ , | 8 - 10 | ഓഗസ്റ്റ് - ജനുവരി | സയൻസ് ലാബ് , സയൻസ് ക്ലാസ്, ഐ സി ടി | പി .ടി .എ , ശാസ്ത്ര അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | പ്രോജക്ട്, സെമിനാര് .<br><br>അഭിരുചി പരീക്ഷകൾക്ക് പ്രത്യേക പരിശീലനം<br>വിദഗ്ധരുടെ ക്ലാസുകൾ<br>NMMS പരിശീലനം. | | | | |
| 6. പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രത്യേക ശ്രദ്ധ, പ്രത്യേക ക്ലാസ് | 8 - 10 | ജൂലായ് - നവംബർ | സയൻസ് ലാബ് , സയൻസ് ക്ലാസ്, ഐ സി ടി | പി .ടി .എ , ശാസ്ത്ര അധ്യാപകർ |
| 7.ഭിന്നശേഷി വിഭാഗക്കാരുടെ പരിഗണന | കളറിംഗ് , ചിത്രങ്ങൾ, പെൻസിൽ ഡ്രോയിങ് , കല കായിക പരിശീലനം റെമഡിയൽ ടീച്ചിങ് | 8 - 10 | ജൂലായ് - ഫെബ്രുവരി | സയൻസ് ലാബ് , സയൻസ് ക്ലാസ്, ലൈബ്രറി | പി .ടി .എ , എം പി ടി എ എസ് ആർ ജി, ശാസ്ത്ര അധ്യാപകർ . |
| 8. എ പ്ലസ് ക്ലബ്ബ് | മോർണിംഗ് , ഈവെനിംഗ് ക്ലാസുകൾ.<br>വിദഗ്ധരുടെ ക്ലാസുകൾ,<br>ക്ലാസ് ടെസ്റ്റ് , സീരീസ് ടെസ്റ്റ്,<br>സ്പെഷ്യൽ കോച്ചിങ് ക്ലാസുകൾ , രാത്രികാല ക്ലാസ്സുകൾ | 10 | ഒരു വർഷം | സയൻസ് ക്ലാസ്, | ശാസ്ത്ര അധ്യാപകൻ |

**മേഖല : അക്കാദമികം**

**ഉപമേഖല : ജീവശാസ്ത്രം.**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **ക്ലാസ്** | **കാലം** | **ചുമതല** | **സാമ്പത്തിക പിന്തുണ** |
|---|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ അടിസ്ഥാന ആശയങ്ങൾ നേടിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തൽ | പ്രീ ടെസ്റ്റ് മൂല്യനിർണയം പിയർ ഗ്രൂപ്പ് പഠനം പഠന പിന്നോക്കാവസ്ഥയില്യുള്ളവർക്ക് അധികസമയ പഠന വിനിമയം | 8,9,10 | ജൂൺ ജൂലൈ | ശാസ്ത്ര അധ്യാപകർ എസ് ആർ ജി | ശാസ്ത്ര അധ്യാപകർ എസ് ആർ ജി |
| ശാസ്ത്ര പഠനത്തോട് ആഭിമുഖ്യംവളർത്തുക | സയൻസ് ക്ലബ് രൂപീകരണം വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കൽ ഇൻസ്പെയർ അവാർഡ് വൈ ഐപി എന്നിവയ്ക്കായുള്ള ഐഡിയ ബോക്സ് സ്ഥാപിക്കൽ | 8,9,10 | ജൂലൈ | ശാസ്ത്ര അധ്യാപകർ എസ് ആർ ജി | ശാസ്ത്ര അധ്യാപകർ എസ് ആർ ജി |
| ശാസ്ത്ര ലാബിന്റെ നവീകരണം | മാതൃകകൾ ചാർട്ടുകൾ വിവിധ ഉപകരണങ്ങൾ എന്നിവ തരംതിരിച്ച് ക്രമീകരിക്കൽ ഇരിപ്പിടം വെളിച്ചം സജ്ജമാക്കൽ മൊബൈൽ ലാബ് കിറ്റ് സജ്ജമാക്കൽ | 8,9,10 | ജൂലൈ | ശാസ്ത്ര അധ്യാപകർ എസ് ആർ ജി | ശാസ്ത്ര അധ്യാപകർ എസ് ആർ ജി |
| ദൈനംദിന ജീവിതത്തെ ശാസ്ത്രവുമായി ബന്ധപ്പെടുത്തൽ | ശാസ്ത്രം നിത്യജീവിതത്തിൽ ആഹാരം ആരോഗ്യം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രദർശനങ്ങൾ | 8,9,10 | യഥാസമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ എസ് ആർ ജി | ശാസ്ത്ര അധ്യാപകർ എസ് ആർ ജി |
| പ്രകൃതിയെ | പ്രകൃതി പഠന ക്യാമ്പ് | 8,9,10 | യഥാസമയങ്ങ | ശാസ്ത്ര | ശാസ്ത്ര |

| | | | | | |
|---|---|---|---|---|---|
| അടുത്തറിയാനു ള്ള അവസരം ഒരുക്കൽ | പ്രകൃതി പഠന ക്ലാസുകൾ | | ളിൽ | അധ്യാപകർ എസ് ആർ ജി | അധ്യാപകർ എസ് ആർ ജി |
| കൃഷി ഒരു സംസ്കാരം എന്ന ബോധമുളവാക്ക ൽ | സ്കൂളിൽ ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം വീട്ടിൽ അടുക്കളത്തോട്ട നിർമ്മാണം | 8,9,10 | ഒരു വർഷം | ശാസ്ത്ര അധ്യാപകർ എസ് ആർ ജി | PTA,ശാസ്ത്ര അധ്യാപകർ എസ് ആർ ജി |
| മാലിന്യമുക്ത - ആരോഗ്യ- ശുചിത്വ വിദ്യാലയത്തിലൂ ടെ ആരോഗ്യമുള്ള പുതുതലമുറ | പരിസര ശുചീകരണം ശുചിത്വ ബോധവൽക്കരണ ക്ലാസ് ജീവിതശൈലി രോഗ ബോധവൽക്കരണ ക്ലാസ് മെഡിക്കൽ ക്യാമ്പ് | 8,9,10 | യഥാസമയങ്ങ ളിൽ | ശാസ്ത്ര അധ്യാപകർ എസ് ആർ ജി | ശാസ്ത്ര അധ്യാപകർ എസ് ആർ ജി |
| ശാസ്ത്രം ഒരു പ്രവർത്തനമാണ് എന്ന് ബോധ്യപ്പെടുത്താ ൻ | ശാസ്ത്രോത്സവം സ്കൂൾ ശാസ്ത്രമേള ലഘുപരീക്ഷണങ്ങളുടെ നിർവഹണം ശാസ്ത്ര ക്വിസ് | 8,9,10 | രണ്ടാമത്തെ ടേം | ശാസ്ത്ര അധ്യാപകർ എസ് ആർ ജി | ശാസ്ത്ര അധ്യാപകർ എസ് ആർ ജി |
| ശാസ്ത്ര പഠനം രസകരമാക്കാനു ം ശാസ്ത്രീയ രീതിയിലുള്ള അന്വേഷണാത്മ കത വളർത്താനും | ശാസ്ത്ര ദിനാചരണങ്ങൾ ശാസ്ത്ര പതിപ്പുകൾ ശാസ്ത്ര പഠനയാത്രകൾ വാനനിരീക്ഷണം | 8,9,10 | യഥാസമയങ്ങ ളിൽ | ശാസ്ത്ര അധ്യാപകർ എസ് ആർ ജി | ശാസ്ത്ര അധ്യാപകർ എസ് ആർ ജി |
| ഭിന്നശേഷിക്കാ രെ പരിഗണിക്കൽ | ഫീൽഡ് ട്രിപ്പ് ക്ലാസ് തല പരീക്ഷണങ്ങൾ ചിത്രരചന | 8,9,10 | യഥാസമയങ്ങ ളിൽ | ശാസ്ത്ര അധ്യാപകർ എസ് ആർ ജി | ശാസ്ത്ര അധ്യാപകർ എസ് ആർ ജി |
| ശാസ്ത്ര പ്രതിഭകളെ കണ്ടെത്തൽ വളർത്തൽ | അഭിരുചി പരീക്ഷകൾ പ്രത്യേക പരിശീലനം വിദഗ്ധരുടെ ക്ലാസുകൾ NMMS പരിശീലനം | 8,9,10 | ഒരു വർഷം | ശാസ്ത്ര അധ്യാപകർ എസ് ആർ ജി | ശാസ്ത്ര അധ്യാപകർ എസ് ആർ ജി |